LIBRARY ARCHIVES Kerala Legislative Assembly

(ബി) നലവച്ചപാറ, കുഞ്ഞിപ്പാറ, മീൻകുളം, മാപ്പിളപ്പാറ, മാണിക്കുടി തുടങ്ങിയ ആദിവാസി ഊരുകളിലായി ആയിരത്തിയഞ്ഞൂറിലധികം പേരും കൂടിയേറ്റ പ്രദേശമായ കല്ലേലിമേടിൽ മുന്നൂറിലധികം പേരും അധിവസിക്കുന്ന കല്ലേലിമേട് വാർഡിലേക്ക് നിലവിൽ കടത്ത് കടന്നുമാത്രമേ പോകാൻ കഴിയൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവരുടെ ബുദ്ധിമുട്ടുകളും അതോടൊപ്പം ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുംകൂടി പരിഗണിച്ച് വനം വകുപ്പുമായി കൂടിയാലോചിച്ച് ബ്ലാവന കടവിൽ പുതിയ പാലം നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര വനസംരക്ഷണ നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ, ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

റെയിൽവേ മേൽപ്പാലം നിർമ്മാണം

85(4095) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ മങ്കര, കളിക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) കോങ്ങാട് മണ്ഡലത്തിലെ മങ്കര, കളിക്കാവ് റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കാനുള്ള അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് കെ.ആർ.ഡി.സി.എൽ. ഉദ്യോഗസ്ഥരും തഹസിൽദാരും സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കേച്ചേരിപ്പാലത്തിന്റെ നിർമ്മാണം

86(4096) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ ചൂണ്ടൽ പഞ്ചായത്തിലെ കേച്ചേരിപ്പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

7-12-2018-ൽ നിർമ്മാണം ആരംഭിച്ചു. എസ്റ്റിമേറ്റ് തുക 3,24,54,871 രൂപ.